# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്പദ്ധതി

## സോഷ്യൽഓഡിറ്റ്റിപ്പോർട്ട്

**(01-10-2018 മുതൽ31-03-2019 വരെ)**

## വാർഡ് 7

## മടിക്കൈ ഗ്രാമപഞ്ചായത്ത്  (ചെരണത്തല )

## കാഞ്ഞങ്ങാട്  ബ്ലോക്ക്

## കാസറഗോഡ് ജില്ല.


**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്  നിയമം**

**സോഷ്യൽഓഡിറ്റ്സൊസൈറ്റി(MGNSASK)**

**CSI BUILDINGS,  2nd  FLOOR ,LMS COMPOUND ,പാളയം**

**വികാസ്ഭവൻ  (പി.ഒ)തിരുവനന്തപുരം 695033**

**ഫോൺ: 0471-22724696**

**ഇ-മെയിൽkeralasocialaudit@gmail**

**തയ്യാറാക്കിയത് :രേഷ്മ, ജോസ്ന ജോസ്, ആതിര  (വില്ലേജ്  റിസോർസ് പെർസൺ കാഞ്ഞങ്ങാട് .)**

**പ്രവീണ.ടി എം(BRP in charge kanhangad block)**

# <u>പഞ്ചായത്തിന്റെ പൊതു വിവരങ്ങൾ</u>

| | |
|---|---|
| വിസ്തീർണം | 51.8 ച. കി. മീ. |
| ജില്ലാപഞ്ചായത്ത് | കാസർഗോഡ് |
| ബ്ലോക്ക് പഞ്ചായത്ത് | കാഞ്ഞങ്ങാട് |
| താലൂക്ക് | ഹോസ്ദുര്ഗ് |
| വില്ലേജുകൾ | മടിക്കൈ, അമ്പലത്തുകാര |

## പഞ്ചയാത്ത് അതിരുകൾ

| | |
|---|---|
| കിഴക്ക് | കോടോം, ബേളൂർ ഗ്രാമ പഞ്ചായത്ത് |
| പടിഞ്ഞാറ് | കാഞ്ഞങ്ങാട് നഗരസഭ |
| തെക്ക് | നീലേശ്വരം നഗര സഭ |
| വടക്ക് | അജാനൂർ പഞ്ചായത്ത് |

## ജനസംഖ്യ (2011 ,സെൻസെസ് )

| മടിക്കൈ | ആകെ ജനസംഖ്യ | | Scs | | STs | |
|---|---|---|---|---|---|---|
| | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ |
| 24121 | 12001 | 12120 | 152 | 155 | 650 | 653 |

**<u>വാർഡ് 07(ചെരണത്തല )</u>**

കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്കിലെ മടിക്കൈ ഗ്രാമപഞ്ചായത്തിലെ 07ആം വാർഡ് (ചെരണത്തല ) ആണ് സോഷ്യൽ ഓഡിറ്റിങ് നടത്തിയത്. വാർഡ് 07ൽ

തൊഴിലുറപ്പ് പദ്ധതിയൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ ഒക്ടോബർ 1മുതൽ 2019 മാർച്ച് 31വരെയുള്ള കാലയളവിൽ 15 പ്രവർത്തികളാണ് നടന്നിട്ടുള്ളത്. ഇതിൽ 11 പ്രവൃത്തികൾ പൊതു വിഭാഗത്തിൽപെട്ടവയാണ്. 1 പ്രവൃത്തികൾ കേന്ദ്രസംസ്ഥാന ഭവനനിർമാണ പദ്ധതിയിൽ ഉൾപ്പെടുത്തി ,ഏറ്റെടുക്കുന്ന ഭവന നിർമാണ പ്രവൃത്തികളാണ്. ഈ പ്രവർത്തികളാണ് സോഷ്യൽ ഓഡിറ്റ്നു വിധേയമാക്കിയത് .

തൊഴിലുറപ്പുമായി ബന്ധപെട്ട വാർഡിന്റെ അടിസ്ഥാന വിവരങ്ങൾ താഴെ ചേർക്കുന്നു.

| **VILLAGE** | **TOTAL(registe red)** | | **SCs** | **SCs** | **S Ts** | **OTHERS** | **TOTAL** | | |
|---|---|---|---|---|---|---|---|---|---|
| | **HOUSEHOLDS** | **PERSO NS** | **HOUSEHO LDS** | **PERSO NS** | | **HOUSEHOL DS** | **PERSO NS** | **MA LE** | **FEMA LE** |
| **ചെരണ ത്തല** | 305 | 367 | 0 | 0 | 3 9 | | | | |
| **Active workers** | 163 | 56 | | | 5 | 266 | 311 | 23 | 283 |

# <u>ആമുഖം</u>

ഇന്ത്യയിലെ ദരിദ്രരായ ഗ്രാമീണ ജനതയുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനും അവരുടെ ജീവിത സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനും വേണ്ടി രൂപം കൊടുത്തിട്ടുള്ള ഒരു ബൃഹത്പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലും തൊഴിൽ ലഭിക്കാതെ ഗ്രാമീണ ജനത ബുദ്ധിമുട്ടനുഭവിക്കുമ്പോൾ അവർക്ക് 100ദിവസത്തെ തൊഴിലെങ്കിലും ഉറപ്പു വരുത്തുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇങ്ങനെ തൊഴിൽ നൽകുന്നതിന് ഏറ്റെടുക്കുന്ന വിവിധ പദ്ധതികളിലൂടെ രാജ്യത്തിന്റെ മണ്ണും ജലവും പരമാവധി സംരക്ഷിക്കുന്നതിന് സാദ്ധ്യമാകും എന്ന് പ്രതീക്ഷിക്കുന്നു.ഇന്ത്യയിലെ ഏറ്റവും പിന്നോക്കമായ 200 ഗ്രാമീണ ജില്ലകളിൽ2006 ഫെബ്രുവരി 2-ാം തീയതി ഈ നിയമം നിലവിൽ വരുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു. കേരളത്തിൽ വയനാടും, പാലക്കാടും ഈ 200ജില്ലകളിൽ

ഉൾപ്പെട്ടിരുന്നു. 2007 മെയ് 15 ന് 130 ജില്ലകളിലേക്ക് കൂടി ഇത് വ്യാപിപ്പിച്ചു. ഇടുക്കി, കാസർഗോഡ് ജില്ലകൾ ഇതിൽ ഉൾപ്പെട്ടിരുന്നു.2008 ഏപ്രിൽ 1ന് ഇന്ത്യയിലെ ബാക്കി മുഴുവൻ ജില്ലകളിലേക്കും ഇത് വ്യാപിപ്പിച്ചു. ഇന്ത്യയിലെ മുഴുവൻ ഗ്രാമീണ ജില്ലകളിലും ഈ പദ്ധതി നിലവിലുണ്ട്.ആഗോളതലത്തിൽ സവിശേഷ ശ്രദ്ധയാകർഷിച്ച ഒരു അവകാശാധിഷ്ഠിത തൊഴിൽ നിയമമെന്ന നിലയിലും ഗ്രാമീണ മേഖലയിൽ ദാരിദ്ര്യ ലഘൂകരണത്തിൽ നിർണ്ണയാകമായ വഴിത്തിരിവ് സൃഷ്ടിച്ച ബൃഹത് പദ്ധതി എന്നകാര്യം പരിഗണിച്ചും 2009ഒക്ടോബർ 2-ാം തീയതി കേന്ദ്ര സർക്കാർ ഈ നിയമത്തെമഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെന്ന് പുനർനാമകരണം ചെയ്തു.

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് നിശ്ചിത കാലയളവിനുള്ളിൽ കായികമായ തൊഴിൽ ലഭിക്കുന്നുവെന്നും അതിന് നിർണ്ണയിക്കപ്പെട്ടിട്ടുള്ള വേതനം നിർദ്ദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്നുവെന്നും ഉറപ്പു വരുത്തുന്നതിന് ഇന്ത്യൻപാർലമെന്റ് പാസ്സാക്കിയിട്ടുള്ള നിയമമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് നിയമം. 2005 ആഗസ്റ്റ് 23- തിയ്യതിയാണ് പാർലമെന്റ് ഈ നിയമം പാസ്സാക്കുന്നത്.

തൊഴിലും വേതനവും നിർദ്ദിഷ്ട സമയത്തിനുള്ളിൽ കൃത്യമായി ലഭിക്കുന്നതിനുള്ള അവകാശം നിയമപരമായി ഉറപ്പു വരുത്തുവെന്നതാണ് ഈ നിയമത്തിന്റെ സവിശേഷത. തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനവും തൊഴിലെടുത്തശേഷംവേതനം വൈകുകയോ ലഭിക്കാതിരിക്കുകയോ ചെയ്താൽ നഷ്ടപരിഹാരവും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് 15 ദിവസത്തിനുള്ളിൽ കായികമായി ഏതെങ്കിലും തൊഴിൽ നൽകിയിരിക്കണമെന്നാണ് വ്യവസ്ഥ. അല്ലാത്തപക്ഷം പതിനാറാമത്തെ ദിവസം മുതൽ അവർക്ക് തൊഴിലില്ലായ്മ വേതനത്തിന് അർഹതയുണ്ടായിരിക്കും. അതേപോലെ എടുത്ത തൊഴിലിന്റെ വേതനം 14 ദിവസത്തിലധികം വൈകിയാൽ ഇങ്ങനെ വൈകുന്ന ഒരോ ദിവസത്തിനും നഷ്ട പരിഹാരം ലഭിക്കുന്നതിനും അർഹതയുണ്ട്. തൊഴിലോ തൊഴിലില്ലായ്മവേതനമോ ഉറപ്പായുംഉറപ്പ് വരുത്തുന്നുവെന്നതാണ് തൊഴിലുറപ്പ് നിയമത്തിന്റെ പ്രത്യേകത.

**ഈ പദ്ധതിപ്രകാരം തൊഴിൽ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**.

- പതിനെട്ടുവയസ്സ് പൂർത്തീകരിച്ചിരിക്കുക.

- കായികാദ്ധ്വാനത്തിന്തയ്യാറാവുക.
- ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസക്കാരനായിരിക്കുക.എന്നിവയാണ്.
- എന്നാൽ 2014 ലെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം നാടോടികളായ തൊഴിലന്വേഷകർക്കും തൊഴിൽ നല്കണമെന്ന് വ്യവസ്ഥ ചെയ്യിട്ടുണ്ട്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്നഎല്ലാപ്രവൃത്തികളും സോഷ്യൽഓഡിറ്റിന് വിധേയമാകണമെന്നു 17(2) ആം വകുപ്പ്നിഷ്കർഷിക്കുന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതുധനംചിലവഴിക്കുന്നതിനെപ്പറ്റിയുംപൗരസമൂഹം നടത്തുന്നപരസ്യവുംസ്വതന്ത്രവുമായപരിശോധനയുമാണ്. സോഷ്യൽ ഓഡിറ്റ് അഥവാ സാമൂഹികകണക്ക് പരിശോധനതൊഴിലുറപ്പ്നിയമപ്രകാരം വർഷത്തിൽ രണ്ട്പ്രാവശ്യം സോഷ്യൽ ഓഡിറ്റ്ഗ്രാമസഭകൾ എല്ലാ വാർഡിലും കൃത്യമായി നടത്തേതാണ്. സോഷ്യൽ ഓഡിറ്റിലൂടെ അഴിമതി ഇല്ലാതാക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സദ്ഭരണം ഉറപ്പാക്കുന്നതിനും കഴിയുന്നു.പദ്ധതി പണംശരീയായ രീതിയിൽ ചിലവഴിച്ചിട്ടുണ്ടോ എന്നും ഈപണം ചിലവഴിച്ചതുകൊണ്ട് പദ്ധതിയുടെ ലക്ഷ്യംകൈവരിച്ചിട്ടുട്ടോ എന്നും അതിലൂടെ പദ്ധതിയുടെ ഗുണഭോക്താക്കളുടെ ജീവിതത്തിൽ ഗുണകരമായും അതുമൂലം കാര്യമായും മാറ്റം ഉണ്ടായിട്ടുണ്ടോ എന്നും സോഷ്യൽഓഡിറ്റ്പ്രകിയക്ക് ക ണ്ടെത്താൻകഴിയുന്നു.

കാസർഗോട് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കില് കാഞ്ഞങ്ങാട് ബ്ലോക്കിലെമടിക്കൈ ഗ്രാമ പഞ്ചായത്തിൽപ്പെട്ട 7ആം വാർഡ് (ചെരണത്തല) എന്ന വാർഡാണ് ഓഡിറ്റിന് വിധേയമാക്കുന്നത്.

## രീതിശാസ്ത്രം

•പ്രവൃത്തിഫയലുകൾ, രജിസ്റ്ററുകൾ,പ്രവൃത്തിസ്ഥലങ്ങൾ ,എം ഐ എസ് എന്നിവ പരിശോധിച്ചു.

• റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ .

•തൊഴിലാളികളുമായി സംവദിച്ചു. തൊഴില്കാർഡ് ,പാസ്ബുക്ക് എന്നിവ പരിശോധിച്ചു.

•റിപ്പോർട്ട് ,എം ഐ എസ് ഫോർമാറ്റ് എന്നിവ തയ്യാറാക്കി.

## അവകാശങ്ങൾ/ അവകാശനിഷേധങ്ങൾ.

**1തൊഴിൽ കാർഡ് ലഭിക്കാനുള്ള അവകാശം**

തൊഴിൽകാർഡ് ആവശ്യപെട്ട എല്ലാ തൊഴിലാളികൾക്കും സൗജന്യമായി തൊഴിൽകാർഡ് ലഭ്യമാക്കണമെന്നത് തൊഴിലാളികളുടെ അവകാശമാണ് മുൻകാലങ്ങളിൽ പഞ്ചായത്തിൽ നിന്നുതന്നെ ഫോട്ടോ എടുത്തിരുന്നെങ്കിലും ഇപ്പോൾ ഫോട്ടോ ഇനത്തിൽ എല്ലാ തൊഴിലാളികൾക്കും പണം ചിലവായിട്ടുള്ളതായി കാണപ്പെടുന്നു .

**2,അപേക്ഷിച്ചു 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശവും ആയതിന്റെ കൈപറ്റ് രസീത് ലഭിക്കുന്നതിനുള്ള അവകാശം**.

തൊഴിലിനപെക്ഷിച്ചു 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശം തൊഴിലാളികൾക്ക് പറയപ്പെടുന്നുണ്ടെങ്കിലും കൂട്ടയിട്ടാണ് അപേക്ഷ നൽകിയതായി കാണപ്പെടുന്നത്. ഒറ്റയ്ക്കും അപേക്ഷിക്കാമെന്ന് അവർക്ക് അറിയില്ലായിരുന്നു.

**3, തൊഴിൽ, അല്ലെങ്കിൽ തോഴിലില്ലായ്മ വേതനം ലഭിക്കാനുള്ള അവകാശം.(ആദ്യത്തെ30 ദിവസം ¼ ,പിന്നീടുള്ള ദിവസങ്ങളിൽ ½ ഭാഗം .)**

തൊഴിലില്ലായിമ വേതനത്തിനു അർഹത ഉണ്ടന്നു തൊഴിലല്ലായ്ക്കൾക്കു അറിയില്ലായിരുന്നു. തൊഴിലിനുള്ള അപേക്ഷ നൽകിയതിനു ശേഷം തൊഴിൽ നൽകാതിരുന്ന ഒരു സാഹചര്യം നിലവിലുള്ള ഫയൽ പരിശോധനയിൽ കണ്ടെത്താൻ സാധിച്ചിട്ടില്ല ,അതുകൊണ്ട് തൊഴിളലില്ലായമ വേതനം നൽകേണ്ടതായി വന്നിട്ടില്ല .

**4,പദ്ധതി(ഷെൽഫ് ഓഫ് പ്രൊജക്റ്റ്തയ്യാറാക്കാനുള്ള അവകാശം**

ഷെൽഫ് ഓഫ് പ്രൊജെക്ടിനെക്കുറിച്ച് തൊഴിലാളികൾക്ക് അറിവുണ്ടായിരുന്നു. അയൽക്കൂട്ടങ്ങളിലാണ് അവർ പദ്ധതി തയ്യാറാക്കുന്നത്. എന്നാൽ ഗ്രാമ സഭ അതിനുള്ള അനുമതി നൽകാറില്ല. പല പ്രവൃത്തികളും ഭൂപ്രകൃതി അനുസരിച്ചും കാലാവസ്ഥക്കും യോജിച്ച രീതിയിലും സമയത്തും അല്ല ചെയ്യിരിക്കുന്നത്.

**5,5കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശം (,അല്ലെങ്കിൽവേതനത്തിന്റെ10%അധികം.)**

പരിശോധനക്ക് വിധേയമാക്കിയ 15 പ്രവർത്തികളിലും തൊഴിലാളികൾക്ക് 5 കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭ്യമായിട്ടുണ്ട്.

**6,കുടിവെള്ളം,വിശ്രമസൗകര്യം,പ്രദമശുശ്രൂഷാസൗകര്യം,ഇവ**

**ലഭിക്കുന്നതിനുള്ള അവകാശം.**

തൊഴിലാളികളുടെ പ്രധാനപ്പെട്ട അവകാശങ്ങളിൽ ഒന്നായ ജോലിസ്ഥലത് കുടിവെള്ളം വിശ്രമ സൗകര്യം, എന്നിവ ലഭ്യമാക്കണമെന്നുന്ടെന്കിലും പ്രവൃതിയിടങ്ങളിൽ മേൽപ്പറഞ്ഞ തൊന്നും ഇപ്പോൾ ലഭ്യമല്ല എന്ന് കണ്ടെത്തുവാൻ സാധിച്ചു . ജോലിചെയ്യുന്ന തൊഴിലാളികൾക്ക് കയ്യുറ യോ ,കാലുറയോ ലഭ്യമായിട്ടില്ല എന്ന് മനസിലാക്കാൻ സാധിച്ചു. ആദ്യമൊക്കെഇവഅവർക്കുലഭിച്ചിരുന്നു.പിന്നീട് അവർ സ്വന്തംചെലവിൽവാങ്ങുകയും അതിനു ഫണ്ടും അനുവദിച്ചു നൽകാറില്ല എന്ന് മനസിലായി.

**7,15 ദിവസതിനുള്ളിൽ വേതനം ലഭിക്കുന്നതിനുള്ള അവകാശം**.

15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കാനുള്ള അവകാശം ഓരോ തൊഴിലാളികൾക്കും ഉണ്ട്. എന്നാൽ തൊഴിൽ കഴിഞ്ഞ് രണ്ടോ മൂന്നോ മാസങ്ങൾക്കു ശേഷമാണ് വേതനം ലഭിക്കുന്നത്.

**8,വേതനവിതരണത്തിലെ കാലതാമസത്തിനു നഷ്ടപരിഹാരം ലഭിക്കുവാനുള്ള അവകാശം.**

കൂലി ലഭിക്കാൻ വൈകുന്നതിനു നഷ്ട പരിഹാരത്തിനു അർഹത ഉണ്ടെന്ന് തൊഴിലാളികൾക്ക് അറിയിലായിരുന്നു.അതിനാൽ തന്നെ ഇതുവരെ ഒരു തൊഴിലാളിയും നഷ്ടപരിഹാരം ലഭിക്കുന്നതിനായി അപേക്ഷ നൽകിയതായി അറിയാൻ സാധിച്ചില്ല .

**9,സമയബന്ധിതമായുള്ള പരാതി പരിഹാരത്തിനുള്ള അവകാശം.**

സമയബന്ധിതമായി ഉള്ള പരിഹാരത്തിനുള്ള അവകാശം നിലനിൽക്കുന്നുവെങ്കിലും ഈ ഓഡിറ്റ് കാലയളവിൽ ഒരു തൊഴിലാളിയും പരാതി നൽകിയതായി രേഖകളിൽ കാണുന്നില്ല.

**10,സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം .**

വാർഡ് തലത്തിൽ സോഷ്യൽ ഓഡിറ്റ് നടക്കാറുണ്ട്.

**നിരീക്ഷണ പ്രശ്നപരിഹാര സംവിധാനം.**

തൊഴിലുറപ്പ് നിയമത്തിലെ 10അവകാശങ്ങളിൽ ഒന്നായ സമയ ബന്ധിതമായുള്ള പരാതി പരിഹാരത്തിനുള്ള അവകാശം നിലനിൽക്കുന്നുവെങ്കിലും, പലവിധത്തിലുള്ള പരാതികള്ണ്ടായിട്ടും തൊഴിലാളികൾക്ക് അവകാശങ്ങളെക്കുറിച് അവബോധം ഇല്ലാത്തതുകൊണ്ട് ഓഡിറ്റ് കാലയളവിൽ ഒരു പരാതിയും പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല .

**സോഷ്യല് ഓഡിറ്റിന് വിധേയമാക്കിയ പ്രവൃത്തികള്**

| Work Code | Work Name(As per Muster Roll) | Category | Start Date | Last Date | Total mandays | Total Amount | Status |
|---|---|---|---|---|---|---|---|
| 1601001002 WC/314373 | തട്ട് തിരിക്കൽ കൊടുവക്കുന്ന് | Category A | 24/10/2018 | 20/11/2018 | 612 | 170837.76 | Completed |
| 1601001002 WC/314378 | ജൈവ വേലി കെട്ടൽ മുങ്ങത്ത് - മൂലായിപ്പള്ളി | Category A | 15/10/2018 | 29/10/2018 | 285 | 77289.69 | Completed |

| | | | | | | | |
|---|---|---|---|---|---|---|---|
| 1601001002/WC/314371 | തട്ട് തിരിക്കൽ മണിമുണ്ട - ഏരിപ്പ് | Category .B | 26/10/2018 | 4/12/2018 | 699 | 189540 | Completed |
| 1601001002/WC/314368 | കല്ല് കയ്യാല നിർമ്മാണം മുങ്ങത്ത് - മൂലായിപ്പള്ളി | Category B | 30/7/2018 | 14/10/2018 | 905 | 279067 | Completed |
| 1601001002 WC/314998 | തെങ്ങിനും കവുങ്ങ് കുഴി എടുക്കൽ മുങ്ങത്ത് - മൂലായിപ്പള്ളി | Category A | 17/1/2019 | 13/02/2019 | 399 | 92430.70 | Completed |
| 1601001002 WC/333884 | മണ്ണ് വരമ്പ് നിർമാണം | A Category | 28/11/2018 | 30/1/2019 | 845 | 260359. | Completed |

| | | | | | | | |
|---|---|---|---|---|---|---|---|
| | മുങ്ങത്ത് - മൂലായിപ്പള്ളി | | | | | | |
| 1601001002 WC/314370 | കല്ല് കയ്യാല /മണ്ണ് കയ്യാല നിർമ്മാണം - നെടുംതുടുപ്പ് - എരിക്കുളം | Category A | 25/9/2018 | 10/2/2019 | 691 | 187801 | Completed |
| 1601001002 WC/315027 | തെങ്ങിനും കവുങ്ങ് കുഴി എടുക്കൽ കൊടുവക്കുന്ന് | Category A | 05/11/2018 | 11/12/2018 | 597 | 161648 | Completed |

| | | | | | | | |
|---|---|---|---|---|---|---|---|
| 1601001002 WC/333883 | മൺ വരമ്പ് നിർമ്മാണം കൊടുവക്കുന്ന് | Category A | 23/11/2018 | 08/01/2018 | 1042 | 228005 | Completed |
| 1601001002 WC/314379 | ജൈവ വേലി കെട്ടൽ കൊടുവക്കുന്ന് | Category A | 05/10/2018 | 19/10/2018 | 305 | 82737.12 | Completed |
| 1601001002 WC/314994 | മഴക്കുഴി - മണിമുണ്ട - ഏരിപ്പ് | Category A | 25/7/2019 | 2/10/2019 | 983 | 183181. | Completed |

| | | | | | | | |
|---|---|---|---|---|---|---|---|
| 1601001002 IF/340166 | **മിസ്റിയ** ലൈഫ് ഭവനപദ്ധതി | Category A | **30/08/2018** | **25/02/2019** | **62** | **26432.26** | Completed |

## 1.തട്ട് തിരിക്കൽ കൊടുവക്കുന്ന്

പ്രസ്തുത പ്രവൃത്തിയിൽ 21 മ്സ്ട്രോളുകളിലായി 612 തൊഴിൽ ദിനങ്ങൾ

സൃഷ്ടിച്ചിട്ടുണ്ട്.അടങ്കൽ തുകയായി 199207 രൂപ അനുവദിച്ച ഈ പ്രവൃത്തിയിൽ 170837.76 രൂപ ചിലവഴിച്ചിട്ടുണ്ട്.

***ഈ പ്രവൃത്തിയുടെ M book പ്രകാരം 535.23 cum ഏരിയയിൽ തട്ട് തിരിക്കുന്നതിനായി 1,70837.76 രൂപ ചെലവായതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഫീൽഡ് പരിശോധനയിൽ 492.10 cum ഏരിയയിൽ 1,62938 രൂപയുടെ പ്രവൃത്തിയാണ് കാണാൻ സാധിച്ചത്. ആകെ വ്യത്യാസം = 7899***

**2.ജൈവ വേലി കെട്ടൽ മുങ്ങത്ത് - മൂലായിപ്പള്ളി**

പ്രസ്തുത പ്രവൃത്തിയിൽ 10 മ്സ്റെർ രോളുകളിലായി 285 തൊഴിൽ ദിനങ്ങൾ സൃഷ്ട്ടിച്ചിട്ടുണ്ട്. 99903 രൂപ അനുവദിച്ച ഈ പ്രവൃത്തിയിൽ 77289.69രൂപ ചിലവഴിച്ചിട്ടുണ്ട്.

***ഈ പ്രവൃത്തിയുടെ M book പ്രകാരം 194.456cum ഏരിയയിൽ ജൈവ വേലി നിർമിക്കാൻ 77289.69 രൂപ ചെലവായതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഫീൽഡ് പരിശോധനയിൽ ഈ പ്രവൃത്തിക്കായി 112.142cum ഏരിയയിൽ 55373രൂപയുടെ പ്രവൃത്തിയാണ് കാണാൻ സാധിച്ചത്.***
***ആകെ വ്യത്യാസം = 21916.69***

## 3.തട്ട് തിരിക്കൽ മണിമുണ്ട - ഏരിപ്പ്

പ്രസ്തുത പ്രവൃത്തിയിൽ 17 മ്സ്റെർ രോളുകളിലായി 556 തൊഴിൽ ദിനങ്ങൾ സൃഷ്ട്ടിച്ചിട്ടുണ്ട്. 199978 രൂപ അനുവദിച്ച ഈ പ്രവൃത്തിയില് 189540 രൂപ ചിലവഴിച്ചിട്ടുണ്ട് .

***ഈ പ്രവൃത്തിയുടെ M book പ്രകാരം 957cum ഏരിയയിൽ തട്ട് തിരിക്കൽ പ്രവൃത്തിക്കായി 189540 രൂപ ചെലവായതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഫീൽഡ് പരിശോധനയിൽ ഈ പ്രവൃത്തിക്കായി 799cum ഏരിയയിൽ 172452 രൂപയുടെ പ്രവൃത്തിയാണ് കാണാൻ സാധിച്ചത്. . ആകെ വ്യത്യാസം =17088***

**4. കല്ല് കയ്യാല നിർമ്മാണം മുങ്ങത്ത് - മൂലായിപ്പള്ളി**

പ്രസ്തുത പ്രവൃത്തിയിൽ 32 മ്സ്റെർ രോളുകളിലായി 905 തൊഴിൽ ദിനങ്ങൾ സൃഷ്ട്ടിച്ചിട്ടുണ്ട്. 292245 രൂപ അനുവദിച്ച ഈ പ്രവൃത്തിയിൽ 279067.21രൂപ ചിലവഴിച്ചിട്ടുണ്ട് .

***ഈ പ്രവൃത്തിയുടെ M book പ്രകാരം 586.72sqm ഏരിയയിൽ കല്ല് കയ്യാല നിർമിക്കാൻ 279067.21 രൂപ ചെലവായതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഫീൽഡ് പരിശോധനയിൽ ഈ പ്രവൃത്തിക്കായി 497 sqm ഏരിയയിൽ 249966 രൂപയുടെ പ്രവൃത്തിയാണ് കാണാൻ സാധിച്ചത്. ആകെ വ്യത്യാസം = 29101***

5. **തെങ്ങിനും കവുങ്ങ് കുഴി എടുക്കൽ മുങ്ങത്ത് - മൂലായിപ്പള്ളി**

പ്രസ്തുത പ്രവൃത്തിയിൽ12 മ്സ്റെർ രോളുകളിലായി 399തൊഴിൽ ദിനങ്ങൾ സൃഷ്ട്ടിച്ചിട്ടുണ്ട്. 197335രൂപ അനുവദിച്ച ഈ പ്രവൃത്തിയിൽ 92430.70 രൂപ ചിലവഴിച്ചിട്ടുണ്ട് .

**ഈ പ്രവൃത്തിയുടെ M book പ്രകാരം 373.66cum ഏരിയയിൽ തെങ്ങിനും കവുങ്ങ് കുഴി എടുക്കാൻ 92430.70 രൂപ ചെലവായതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഫീൽഡ് പരിശോധനയിൽ ഈ പ്രവൃത്തിക്കായി 283cum ഏരിയയിൽ 72365 രൂപയുടെ പ്രവൃത്തിയാണ് കാണാൻ സാധിച്ചത്. *ആകെ വ്യത്യാസം =20065.7***

**6.മണ്ണ് വരമ്പ് നിർമാണം മുങ്ങത്ത് - മൂലായിപ്പള്ളി**

പ്രസ്തുത പ്രവൃത്തിയിൽ19 മ്സ്റെർ രോളുകളിലായി 845 തൊഴിൽ ദിനങ്ങൾ സൃഷ്ട്ടിച്ചിട്ടുണ്ട്. 299978 രൂപ അനുവദിച്ച ഈ പ്രവൃത്തിയിൽ260359 രൂപ ചിലവഴിച്ചിട്ടുണ്ട് .

ഈ പ്രവൃത്തിയുടെ M book പ്രകാരം 790 cum ഏരിയയിൽ മണ്ണ് വരമ്പ് നിർമിക്കാൻ 260359 രൂപ ചെലവായതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഫീൽഡ് പരിശോധനയിൽ ഈ പ്രവൃത്തിക്കായി 632cum ഏരിയയിൽ

231732 രൂപയുടെ പ്രവൃത്തിയാണ് കാണാൻ സാധിച്ചത്. ***ആകെ വ്യത്യാസം = 28627***

## 7.കല്ല് കയ്യാല /മണ്ണ് കയ്യാല നിർമ്മാണം - നെടുംതുടുപ്പ് - എരിക്കുളം

പ്രസ്തുത പ്രവൃത്തിയിൽ19 മ്സ്റെർ രോളുകളിലായി 691 തൊഴിൽ ദിനങ്ങൾ സൃഷ്ട്ടിച്ചിട്ടുണ്ട്. 199973 രൂപ അനുവദിച്ച ഈ പ്രവൃത്തിയിൽ187801 രൂപ ചിലവഴിച്ചിട്ടുണ്ട് .

ഈ പ്രവൃത്തിയുടെ M book പ്രകാരം 933.17cum ഏരിയയിൽ കല്ല് കയ്യാല /മണ്ണ് കയ്യാല നിർമിക്കാൻ 187801 രൂപ ചെലവായതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഫീൽഡ് പരിശോധനയിൽ ഈ പ്രവൃത്തിക്കായി 801cum ഏരിയയിൽ 150324 രൂപയുടെ പ്രവൃത്തിയാണ് കാണാൻ സാധിച്ചത്. ***ആകെ വ്യത്യാസം = 37477***

## 8.തെങ്ങിനും കവുങ്ങ് കുഴി എടുക്കൽ കൊടുവക്കുന്ന്

പ്രസ്തുത പ്രവൃത്തിയിൽ12 മ്സ്റെർ രോളുകളിലായി 597 തൊഴിൽ ദിനങ്ങൾ സൃഷ്ട്ടിച്ചിട്ടുണ്ട്. 199494രൂപ അനുവദിച്ച ഈ പ്രവൃത്തിയിൽ161648 രൂപ ചിലവഴിച്ചിട്ടുണ്ട് .

**ഈ പ്രവൃത്തിയുടെ M book പ്രകാരം 674.4cumതെങ്ങിനും കവുങ്ങ് കുഴി എടുക്കാൻ 161648 രൂപ ചെലവായതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഫീൽഡ് പരിശോധനയിൽ 128589 രൂപയുടെ പ്രവൃത്തിയാണ് കാണാൻ സാധിച്ചത്. *ആകെ വ്യത്യാസം =33059***

## 9.മൺ വരമ്പ് നിർമ്മാണം കൊടുവക്കുന്ന്

പ്രസ്തുത പ്രവൃത്തിയിൽ25 മ്സ്റെർ രോളുകളിലായി 1042 തൊഴിൽ ദിനങ്ങൾ സൃഷ്ട്ടിച്ചിട്ടുണ്ട്. 294854 രൂപ അനുവദിച്ച ഈ പ്രവൃത്തിയിൽ228005 രൂപ ചിലവഴിച്ചിട്ടുണ്ട് .

**ഈ പ്രവൃത്തിയുടെ M book പ്രകാരം 1312.44cum ഏരിയയിൽ മൺ വരമ്പ് നിർമ്മിക്കാൻ 228005 രൂപ ചെലവായതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഫീൽഡ് പരിശോധനയിൽ 1125cum ഏരിയയിൽ 195362 രൂപയുടെ പ്രവൃത്തിയാണ് കാണാൻ സാധിച്ചത്. *ആകെ വ്യത്യാസം =32643.8***

## 10.ജൈവ വേലി കെട്ടൽ കൊടുവക്കുന്ന്

പ്രസ്തുത പ്രവൃത്തിയിൽ10 മ്സ്റെർ രോളുകളിലായി 305 തൊഴിൽ ദിനങ്ങൾ സൃഷ്ട്ടിച്ചിട്ടുണ്ട്. 99993 രൂപ അനുവദിച്ച ഈ പ്രവൃത്തിയിൽ82737 രൂപ ചിലവഴിച്ചിട്ടുണ്ട് .

**ഈ പ്രവൃത്തിയുടെ M book പ്രകാരം 172.10cum ഏരിയയിൽ ജൈവ വേലി നിർമ്മിക്കാൻ 82737രൂപ ചെലവായതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഫീൽഡ് പരിശോധനയിൽ 172.19sqm ഏരിയയിൽ 42374 രൂപയുടെ പ്രവൃത്തിയാണ് കാണാൻ സാധിച്ചത്.*ആകെ വ്യത്യാസം =40363***

## 11.മഴക്കുഴി -മണിമുണ്ട -ഏരിപ്പ്

പ്രസ്തുത പ്രവൃത്തിയിൽ25 മ്സ്റെർ രോളുകളിലായി 983 തൊഴിൽ ദിനങ്ങൾ സൃഷ്ട്ടിച്ചിട്ടുണ്ട്. 199769 രൂപ അനുവദിച്ച ഈ പ്രവൃത്തിയിൽ183181 രൂപ ചിലവഴിച്ചിട്ടുണ്ട് .

**ഈ പ്രവൃത്തിയുടെ M book പ്രകാരം 522.76sqm ഏരിയയിൽ മഴക്കുഴി നിർമ്മിക്കാൻ 183181രൂപ ചെലവായതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഫീൽഡ് പരിശോധനയിൽ 411.8cum ഏരിയയിൽ 143743 രൂപയുടെ പ്രവൃത്തിയാണ് കാണാൻ സാധിച്ചത്.ആകെ വ്യത്യാസം =39438**

## 12.ലൈഫ് ഭവനപദ്ധതി

പ്രസ്തുത പ്രവൃത്തിയിൽ 14മ്സ്റെർ രോളുകളിലായി **16**തൊഴിൽ ദിനങ്ങൾ സൃഷ്ട്ടിച്ചിട്ടുണ്ട്. 51963 രൂപ അനുവദിച്ച ഈ പ്രവൃത്തിയിൽ 26432.26 രൂപ

ചിലവഴിച്ചിട്ടുണ്ട് .

**പ്രധാനകണ്ടെത്തലുകൾ**:

- ചെയ്ത പ്രവൃത്തികൾ ഗുണഭോക്താക്കൾ പരിപാലിക്കുന്നുണ്ടെന്ന് പൂർണമായും നമുക്ക് പറയാൻ കഴിയില്ല. കാരണം മഴക്കുഴികളിൽ പലതിലും വേസ്റ്റ് നിക്ഷേപിച്ചിട്ടുണ്ടായിരുന്നു. ചെയ്ത പ്രവൃത്തി ദുരുപയോഗം ചെയ്യുന്നതായിട്ടാണ് നമുക്ക് കാണാൻ സാധിച്ചത്.
- കാടു കയറിയതിനാലും മണ്ണ് ഇടിഞ്ഞതിനാലും പ്രവർത്തികൾ അളന്നു തിട്ടപ്പെടുത്താൻ പറ്റിയിട്ടില്ല.
- മിക്ക പ്രവർത്തികളും തൊഴിലുടമയുടെ ആവശ്യപ്രകാരമാണ് നടക്കുന്നതെന്ന് മനസ്സിലായി. അത് കൊണ്ട് തന്നെ കൃത്യമായ കണക്കുകൾ ഒരു പ്രവർത്തിയിലും ഉണ്ടായിരുന്നില്ല. ഓരോ ഗുണഭോക്താവിന്റെ പറമ്പിലും എന്ത് പ്രവർത്തി എത്ര അളവിൽ ചെയ്തു എന്ന് മനസിലാക്കാൻ സാധിച്ചില്ല. പ്രവർത്തി സ്ഥലത്ത് എത്തുന്നതിനു മുമ്പേ പ്രവർത്തിയെ പറ്റി ഒരു ആസൂത്രണവും ഇല്ല എന്നാണു മനസ്സിലായത്.
- കാലാവസഥയ്ക്ക് അനുയോജ്യമായോ ഭൂപ്രകൃതി അനുസരിച്ചോ തൊഴിലാളികൾ ആവശ്യപ്പെടുന്ന സമയത്തോ അല്ല പ്രവൃത്തികൾ നടത്തപ്പെടുന്നത്
- തൊഴിൽ ഇടങ്ങളിൽ നിന്നും പരിക്ക് പറ്റിയ സാഹചര്യം ഉണ്ടായിരുന്നിട്ടും ഇതുവരെ ചിലവായ തുക

    ലഭ്യമായിട്ടില്ല എന്ന് മനസിലാക്കാൻ കഴിഞ്ഞു .

- ഭൂവുടമകൾ അവരുടെ പറമ്പിൽ തൊഴിൽ ചെയ്യാറില്ല.
- തൊഴിലുറപ്പ് പദ്ധതിയിൽ കാടുവെട്ടി തെളിക്കൽ, തെങ്ങിന് തടം എടുക്കൽ, കൃഷിപ്പണി തുടങ്ങിയ പ്രവർത്തികൾ കൂടി ഉൾപ്പെടുത്തണമെന്ന് അഭിപ്രായം നിലനിൽക്കുന്നതായി അറിയാൻ കഴിഞ്ഞു.

***പ്രവൃത്തിയുടെ മെഷർമെന്റ്ബുക്ക് പ്രകാരം 12 പ്രവൃത്തികൾക്ക് വേണ്ടി 7156.16cum ഏരിയയിൽ സൈറ്റ് ക്ലിയറൻസ് ഉൾപ്പെടെ 1, 912900.78രൂപ ചെലവഴിച്ചതായി കണ്ടെത്തി. എന്നാൽ ഫീൽഡ് പരിശോധന പ്രകാരം കണ്ടെത്താൻ കഴിഞ്ഞത് 5305.2cum ഏരിയയിൽ 1,605218.9രൂപയുടെ പ്രവൃത്തിയാണ്.***

**<u>സിറ്റിസൺഇൻഫർമേഷൻബോർഡ്</u>**

പരിശോധിച്ച ഒരു വർക് സൈറ്റിലും സിറ്റിസെൻ ഇൻഫർമേഷൻ ബോർഡ് കാണുവാൻ സാധിച്ചില്ല. എന്നാൽ എം ബുക്ക് പ്രകാരം 4പോതുപ്രവര്ത്തിക്ക് 3000,5000 രൂപ വീതം ചിലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട് .

**<u>വി.എം.സി.</u>**

സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയ പ്രവൃത്തി ഫയലുകളിലെ സൈറ്റ് ഡയറികളിൽ വി,എം.സി.മെമ്പർമാരുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അവരുടെ കാര്യക്ഷമമായ പ്രവത്തനം ഇനിയും ഉണ്ടാകേണ്ടതുണ്ട് .

**പഞ്ചായത്തിൽ സൂക്ഷിക്കേണ്ട രാജിസറ്റ്റുകളും അവയിലെ കണ്ടെത്തലുകളും** .

**1.തൊഴിൽ കാർഡ് രെജിസ്റെർ**

**ഓരോ വാർഡിനും പ്രത്യേകം തൊഴിലാളി കാർഡ് രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കാറുണ്ട് . ഓരോ അപേക്ഷകന്റെയും ഫോട്ടോ പതിപ്പിച്ചിട്ടുണ്ട്.**

**2.ഗ്രാമസഭ രജിസ്റ്റർ.**

തൊഴിലുരപ്പുഗ്രമാസഭ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നുണ്ട് . 10/12/2010 മുതൽ 8 /12/2018 കാലയളവു വരെയുള്ള ലേബർ ബജറ്റ് , വ്യക്തിഗത അസ്ഥികളുടെ നിർമ്മാണ പദ്ധതികളുടെ വിവരങ്ങൾ ,എന്നിവ കൃത്യമായി രേഖപ്പുടുതിയിട്ടുണ്ട്. കൂടാതെ ചില പേജിൽ ഗ്രാമ സഭ നോട്ടീസും പതിപ്പിച്ചിട്ടുണ്ട്.

**3. തൊഴിൽആവശ്യപ്പെട്ടതും തൊഴിൽനൽകിയതുമായിട്ടുള്ളരജിസ്റ്റർ.**

ഡിമാൻഡ് ആൻഡ് ആലോകേഷ്ൻ രെജിസ്റെർ പഞ്ചായത്തിൽ സൂക്ഷിക്കുന്നുണ്ട്. രണ്ടിന്റെയും എം ഐ എസ് കോപ്പിയാണ് രജിസ്റെരിലുള്ളത്.തൊഴിലാളികൾ തൊഴിലാവശ്യപ്പെട്ടുകൊണ്ട് നൽകിയ അപേക്ഷകൾ വർക്ക് ഫയലുകളിൽ ഉണ്ട്.

**4.വർക്ക് രജിസ്റ്റര്**

ഓരോ വാർഡിനും പ്രത്യേകം വർക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 26/6/18 മുതൽ 1/5/2019 വരെ 126 പ്രവൃത്തികളാണ് ഈ കാലയളവിൽ നടന്നിട്ടുള്ളത്. ഇതിന്റെ എം ഐ എസ കോപ്പി സൂക്ഷിച്ചിട്ടുണ്ട് .

**5.ആസ്തിരജിസ്ററർ**

ആസ്തി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

**6.മെറ്റീരിയൽ രജിസ്റ്റർ**

മെറ്റീരിയൽ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിചിട്ട്ട്ടുണ്ട് . ഓരോ മെറ്റീരിയൽ ഉപയോഗിച്ചുള്ള പ്രവൃത്തികളിലും എതൊക്കെ മെറ്റീരിയൽ എത്ര അളവിൽ ,അതിനു ചെലവായ തുക തുടങ്ങിയ കാര്യങ്ങളൊക്കെ രേഖപ്പെടുത്തിയിട്ടുണ്ട് .

**7. പരാതി രജിസ്റ്റർ**

പരാതിരജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നുണ്ട് .തൊഴിലാളികൾക്ക് പല വിധത്തിലുള്ള പരാതികലുന്ടെന്കിലും ഓഡിറ്റ് കാലയളവിൽ യാതൊരുവിധ പരാധികളും രേഖപ്പെടുത്തിയതായി കാണുന്നില്ല.

**<u>കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം ഒരു വ്ർക്കുഫയലിൽ താഴെപറയുന്ന 22 രേഖകൾ നിർബന്ധമായും ഉണ്ടാകേണ്ടതാണ് . ഫയലുകളുടെ വിവരങ്ങളും കണ്ടെത്തലുകളും :</u>**

**1.കവർപേജ്.**

പരിശോധിച്ച ഒരു ഫയലിലും കവർ പേജ് ഉണ്ടായിരുന്നില്ല. കവർ പേജ് എല്ലാ പ്രവൃത്തി ഫയലുകളിലും കൃത്യമായി സൂക്ഷിക്കേണ്ടതാണ് .

**2.ചെക്ക്ലിസ്റ്റ്.**

പ്രവൃത്തിഫയലിൽ ക്രമപ്രകാരം ഏതൊക്കെ രേഖകൾ എവിടെ ഏതുപേജുകളിൽ സൂ ക്ഷിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കുവാനുള്ള ആധികാരിക രേഖയാന്നു ചെക്ക്ലിസറ്റു .പരിശോധിച്ച12പ്രവൃത്തിഫയലുകളിലു ചെക്ക് ലിസ്റ്റിൽ ഉണ്ടായിരു ന്നു .ഇതിൽ ഓരോ രേഖയുടെ പേജ് നമ്പർ എഴുതിയിട്ടില്ല .

**3. ആക്ഷൻപ്ലാൻ/ഷെൽഫ് ഓഫ്പ്രൊജക്റ്റ് എന്നിവയുടെ അംഗീകരിച്ച കോപ്പി.**

പ്രസ്തുത പ്രവർത്തി പഞ്ചായത്തിലെ നടപ്പുവർഷത്തിലെ ആനുവൽ ആക്ഷൻപ്ലാനിൽ ഉൾപ്പെട്ടതാണ് എന്നു തെളിയിക്കുവാനുള്ള രേഖയാണ് ആക്ഷൻപ്ലാന്കോപ്പി പൊതു പ്രവർത്തികലുടെ ഫയലുകളിൽ ആക്ഷൻപ്ലാൻ പകർപ്പ് കാണുവാൻ കഴിഞ്ഞു . ഭവന നിർമ്മാണ പ്രവർത്തികളുടെ ഫയലിൽ ആക്ഷൻപ്ലാൻ പകർപ്പ് ഉണ്ടായിരുന്നു .

**4. ഭരണാനുമതി**

പ്രവൃത്തിചെയ്യുന്നതിന്നു നിർവഹണ സ്ഥാപനം നൽകുന്ന അനുമതിയാണ് ഭരണാനുമതിരേഖ. ഭരണാനുമതി എല്ലാ പ്രവൃത്തികൾക്കും ഉണ്ടായിരുന്നില്ല.

**5.സാങ്കേതിക എസ്റ്റിമേറ്റും ഡിസൈനും അടങ്ങുന്ന സാങ്കേതിക അനുമതിയുടെ കോപ്പി.**

ഒരു പ്രവൃത്തി എങ്ങിനെ എത്ര അളവിൽ ചെയ്യണമെന്ന് സാങ്കേതികമായി പ്രതിപാദിക്കുന്ന ആധികാരിക രേഖയാണ് എസ്റ്റിമേറ്റ് എസ്റ്റിമേറ്റ്ഡിസൈൻ. സാങ്കേതികാനുമതി ഫോറം കാണാൻ സാധിച്ചില്ല.

**6. സങ്കേതികാനുമതികോപ്പി.**

ഒരു പ്രവൃത്തിക്ക് സാങ്കേതിക വിദഗ്ധരുടെ അനുമതി ലഭിച്ചിട്ടുണ്ട് എന്നതിനുള്ള ആധികാരികരേഖയാന്ന് സാങ്കേതികാനുമതി രേഖ പൊതുപ്രവർത്തികള്ടെ ഫയലുകളില് സാങ്കേതികാനുമതി പകർപ്പ് കാണാൻ സാധിച്ചില്ല.

**7. സംയോജിത പദ്ധതി വിശദാംശങ്ങൾ.**

ഭവന നിർമ്മാണ പദ്ധതികളിൽ സംയോജിതപദ്ധതി വിശദാംശങ്ങൾ കാണുവാൻ കഴിഞ്ഞില്ല.

**8. തൊഴിലിനുള്ള അപേക്ഷ.**

തൊഴിലാളികൾ തൊഴിൽ ആവശ്യപ്പട്ട്നൽകുന്ന അപേക്ഷയാണ് ഡിമാൻഡ്ഫോറം. തൊഴിൽ ആവശ്യപ്പെട്ട് 15 ദിവസത്തിനുള്ളില് ജോലി നൽകിയോ എന്നറിയുവാൻ സഹായിക്കുന്ന രേഖ കൂടി ആണു ഡിമാൻഡ്ഫോം. ഇവ ഇല്ലായിരുന്നു .

**9. തൊഴിൽഅനുവദിച്ചതിന്റെപകർപ്പ്.**

പ്രവൃത്തി അനുവദിച്ചു കൊണ്ട് നിർവഹണ ഉദ്യോഗസ്ഥർ നൽകുന്ന അനുമതിയാണ അലൊക്കേഷൻഫോം. അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ പ്രവർത്തിലഭിച്ചോ എന്ന് അറിയാന് ഈ ഫോം സഹായിക്കും. ഇവ ഇല്ലായിരുന്നു

**10. പൂരിപ്പിച്ച മസ്റ്റർറോളിന്റെ കോപ്പി.**

പഞ്ചായത്തു സെക്രട്ടറി BDO പരിശോധിച്ച ഉദ്യോഗസ്ഥൻ എന്നിവരുടെ ഒപ്പിനൊപ്പം തിയതി ഇല്ല

തൊഴിലാളിക്ക് ലഭിക്കുന്ന വേദനത്തിന്റെ ആകെ തുക രേഖപെടുത്തിട്ടില്ല. മാസ്‌ട്രോളുകളുടെ എണ്ണം മാസ്‌ട്രോളിൽ M ബുക്ക് നമ്പർ രേഖപെടുത്തിട്ടില്ല അളവ്

പ്രകാരം ഉള്ള വേതനവും രേഖപെടുത്തിട്ടില്ല .

**11. മെഷർമെന്റ് ബുക്കിന്റെ കോപ്പി.**

എം ബുക്കിൽ വർക്ക് കോഡ് രേഖപെടുത്തിട്ടില്ല സാങ്കേതിക വിദഗ്ദൻ ഒപ്പിനൊപ്പം തിയതി ഇല്ല .എസ്റ്റിമേറ്റ് തുക ഇല്ല ,മാസ്ട്രോളിന്റെഅ എണ്ണം ഇല്ല

**12. സാധനങ്ങൾ വാങ്ങുന്നതിനുള്ള ക്വാട്ടേഷൻ ക്ഷണിച്ചതിന്റെയും കംപാരിറ്റീവ് സ്റ്റേറ്റ് മെന്റിന്റെയും മെറ്റീരിയൽ സപ്ലൈ ഓർഡറിന്റെയും കോപ്പി.**

**ഉപയോഗിച്ചിട്ടിലാ**

**13. വേജ്ലിസ്റ്**

മാസ്റ്റെർറോളിന്നു ആനുപാതികമായി തൊഴിലാളിക്ക് വേതനം അനുവദിച്ചു എന്ന് തെളിയിക്കുവാനുള്ള ആധികാരികരേഖയാണ് വേജ് ലിസ്റ്റ്. വേജ്ലിസ്റ്റ് പകർപ്പ് ഫയലുകളിൽ സൂക്ഷിച്ചിട്ടുണ്ട് . സോഷ്യൽ ഓഡിറ്റിനു വിധേയമാക്കിയ പ്രവൃത്തികളിൽ എല്ലാംതന്നെ എം ഐ എസ നിന്നുമുള്ള വേജ് ലിസ്റ്റിന്റെ പകർപ്പുകൾ കാണാൻ സാധിച്ചു .

**14. എഫ ടി ഒ.**

വേതനത്തിന്റെയും സാധനങ്ങൾക്ക് പണമടച്ചതിന്റയും എഫ്.റ്റി.ഒ യുടെയും കോപ്പി

മാസ്റ്റർരോള്, വേജ്ലിസ്റ്റ് എന്നിവ അനുസരിച്ച് തൊഴിലാളികൾക്ക് വേദനം കൈമാറിയെന്ന് ഉറപ്പാക്കാനുള്ളരേഖയാണ് ഫണ്ട് ട്രാൻസ്ഫർ ഓർഡർ. .എഫ.ടി .ഒ അവ ഫയലുകളിൽ ഉണ്ട്.

**15. മെറ്റീരിയൽ വവ്ച്ചറിന്റെയും ബില്ലുകളുടെയും കോപ്പി.**

മെറ്റീരിയൽ വൗച്ചറിന്റെയും ബില്ലുകളുടെയും കോപ്പി ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**16. റോയൽറ്റി അടച്ചതിന്റെ രസീതിന്റെ കോപ്പി.**

ഇല്ല

**17. മൂന്നു ഘട്ടങ്ങൾ ആയുള്ള തൊഴിലിന്റെ ഫോട്ടോകൾ**

പ്രവർത്തനവുമായി ബന്ധപ്പെടുത്തിയെടുക്കേണ്ട മൂന്ന്ഫോട്ടോ പതിപ്പുകൾ അതായത് പ്രവർത്തനത്തിന്റ ആരംഭം, പ്രവർത്തനം നടന്നുകൊണ്ടിരിക്കുമ്പോൾ, പ്രവർത്തനം പൂർത്തികരിച്ചപ്പോൾ എന്നീ മൂന്ന്തരം ഫോട്ടോ. ഫയലുകല്ല പ്രവൃത്തികളുടെ മൂന്നു ഘട്ടങ്ങൾ ആയുള്ള ഫോട്ടേകൾ സൂക്ഷിച്ചിരിക്കണം.പരിശോധനക്ക് വിധേയമാക്കിയ പ്രവൃത്തികളില് ഒരു പ്രവൃത്തിയിൽ മാത്രം 3ഘട്ട ഫോട്ടോകൾ സൂക്ഷിച്ചിട്ടുണ്ടായിരുന്നു.

**18. പൂർത്തികരിച്ച സർട്ടിഫിക്കറ്റിന്റെ കോപ്പി.**

ഓരോ പാർട്ട് ബില്ലിന്റെയും വാലുവേഷൻ സർട്ടിഫിക്കറ്റ് ഉൾക്കൊലിച്ചിട്ടുണ്ട്.പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ചില ഫയലുകളിൽ കാണാൻ സാധിച്ചു.

**19. മസ്റ്റർ റോൾ മൂവ്മെന്റ്സ്ലിപ്പ്/ ഫയൽട്രാക്കിംഗ്ഫോം.**

പ്രവൃത്തി ഫയലുകളിൽ എല്ലാംതന്നെ ഫയൽട്രാക്കിംഗ്ഫോം ഉണ്ടായിരുന്നു. മുഴുവൻ കാര്യങ്ങളും രേഖപ്പെടുത്തിയിരുന്നില്ല .

**20. ആസ്തിയുടെ ജിയോടാഗ് ഫോട്ടോഗ്രാഫ്.**

പ്രവർത്തികൾ ജിയോടാഗ് ചെയ്തിട്ടുണ്ടോ എന്ന് അറിയുവാൻ സഹായിക്കുന്ന ഘടകമാണ് ജിയോടാഗ് ഫോട്ടോഗ്രാഫ്. ജിയോടാഗ് ഫോട്ടോകൾ ഫയലുകളിൽ ലഭ്യമായിരുന്നില്ല.

**21. സോഷ്യൽ ഓ ഡിറ്റിന്റെ റിപ്പോർട്ട് കോപ്പി .**

പ്രവൃത്തി സോഷ്യൽഓഡിറ്റിന് വിധേയമായതാണോ എന്ന് പരിശോധിക്കാന് സഹായിക്കുന്ന രേഖയാണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്. ആറ്മാസം കൂടുമ്പോൾ ഓ ഡിറ്റ്ചെയ്യേണ്ടതാണ്. വാർഡ് തലത്തിൽ സോഷ്യൽ ഓഡിറ്റ് നടക്കുന്നുണ്ടെങ്കിലും അതുമായി ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ ഫയലിൽ കാണാൻ സാധിച്ചില്ല.

**പൊതുനിർദ്ദേശങ്ങൾ.**

**ഉദ്യോഗസ്ഥരോട്**

1.തൊഴിൽർഢിലേക്കാവശ്യമായ ഫോട്ടോ പഞ്ചായത്തിൽ നിന്ന്തന്നെ എടുത്ത് കൊടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2.തൊഴിലനുഅപേക്ഷിക്കുന്നഎല്ലാതൊഴിലാളികൾക്കുംതൊഴിൽനൽകുന്നുണ്ട്എന്ന കാര്യം ഉറപ്പ് വരുത്തുക.

3.കാലാനുസൃതമായി തന്നെ ഒരോ പ്രവൃത്തിയും ഏറ്റെടുത്ത് ന ടത്തുന്നതിനായി യഥാസമയംഅവയുടെ അനുമതി നേടി നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതാണ് .

4.ഓരോ പ്രവർത്തിയും ആരംഭിക്കുന്നതിനു മുൻപ് കൃത്യമായി പ്രൊജക്ട്മീറ്റിംഗ് നടത്തേണ്ടതാണ്. മീറ്റിംഗിൽ തൊഴിലുറപ്പ് ഉദ്യോഗസ്ഥർ നിർബന്ധമായും പങ്കെടുക്കുകയും ചെയ്യേണ്ട പ്രവൃത്തിയെകുറിച്ചും അളവിനെകുറിച്ചും തൊഴിലാളികളോടും ,മേറ്റിനോടും വിശദമായി പറഞ്ഞ്കൊടുക്കുകയും ചെയ്യേണ്ടതാണ്. എസ്റ്റിമേറ്റിന്റെ മലയാളം പകർപ്പ് ലഭ്യമാക്കേണ്ടതാണ് .

5. പ്രവൃത്തി നടന്ന്കൊണ്ടിരിക്കുമ്പോൾ സാങ്കേതിക ജീവനക്കാർ പ്രവൃത്തി സ്ഥലം സന്ദർശിച്ച് പ്രവൃത്തിയുടെ പരിശോധനയും അളവെടുപ്പും നടത്തി പോരായ്മകൾ തൊഴിലാളികൾക്ക് പ റഞ്ഞ് മനസിലാക്കി കൊടുക്കേണ്ടതാണ് .

6. ഓരോ പ്രവൃത്തിയുടേയും സൈറ്റിൽ കുടിവെള്ളം ,പ്രഥമ ശുശ്രൂഷകിറ്റ് , തണൽ,എന്നീ സൗകര്യങ്ങൾ ഏറർപ്പെടുത്തുന്നതിൽ ജീവനക്കാർ പ്ര ത്യേകം ശ്രദ്ധിക്കേണ്ടതാണ് .

7.സുരക്ഷാ സാമഗ്രികൾ ആവശ്യമായ പ്രവൃത്തികളിൽ അവ ലഭ്യമാക്കേണ്ടതാണ് .

8. ഓരോ പ്രവൃത്തിയുടേയും വർക്ക് ഫയലുകളിൽ ആനുവൽ മാസ്റ്റർസർക്കുലർ പ്രകാരം നിഷ്കർഷിക്കുന്ന 22 രേഖകളിൽ ഉൾപ്പെട്ടവ ഉണ്ടെന്ന് ജീവനക്കാർ ഉറപ്പ് വരുത്തേണ്ടതാണ് .

**മേറ്റുമാരോട്.**

1. തൊഴിലാളികളുടെ തൊഴിൽകാർഡിൽ പ്രവൃത്തിയെകുറിച്ചുള്ള വിവരങ്ങൾ കൃത്യമായി ചേർക്കേണ്ടതും ഹാജർ അടയാളപ്പെടുത്തേണ്ടതുമാണ്.

2. തൊഴിലാളികളുടെ ഗ്രൂപ്പ് അപേക്ഷകൾ പഞ്ചായത്തിൽ നൽകുമ്പോൾ കൈപ്പറ്റ് രസീത് തിരികെ വാങ്ങിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3. തൊഴിലാളികൾ യഥാസമയം പ്രവൃത്തിസ്ഥലത്തു ഹാജരാകുന്നുണ്ടൊ എന്നും ,ഹാജർ കൃത്യ സമയത്ത് മസ്റ്റർ റോളുകളിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

4. പ്രവർത്തി സ്ഥലത്ത് തൊഴിലാളികൾക്ക് അപകടം സംഭവിക്കുകയാണ്കെങ്കില് അപകടത്തിന്റെ വിശദാംശങ്ങൾ സൈറ്റ്ഡയറിയിൽ രേഖപ്പെടുത്താൻ പ്രത്യേകം

ശ്രദ്ധിക്കേണ്ടതാണ്.
5.സൈറ്റ്  ഡയറിയിൽ  എല്ലാ വിവരങ്ങളും  കൃത്യമായി രേഖപ്പെടുത്തുക .

**തൊഴിലാളികളോട്**

1. പഞ്ചായത്തിൽ നിന്നും തൊഴില ലഭിക്കാൻ കാത്തിരിക്കാതെ തൊഴിൽ ആവശ്യമുള്ള സമയത്ത്  പഞ്ചായത്തിൽ അപേക്ഷ നൽകുകയും രശീതി കൈപ്പറ്റി സൂക്ഷിക്കുകയും ചെയ്യുക .
2. തൊഴിലിനപേക്ഷിച്ച് 14 ദിവസത്തിനുശേഷം തൊഴിൽ ലഭ്യമാകാത്ത സാഹചര്യത്തിൽ തൊഴിലില്ലായ്മ വേതനത്തിന്  അപേക്ഷിക്കുക .
3. തൊഴിലുറപ്പ്  വേതനം കൃത്യമായി  പാസ്ബുക്കിൽ രേഖപ്പെടുത്തുക .
4. തൊഴിൽകാർഡ്  സ്വന്തം കൈവശം സൂക്ഷിക്കുക .
5. അവകാശങ്ങൾ ലഭ്യമാവാത്ത സാഹചര്യങ്ങളിൽ പരാതി പരിഹാര സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുക .
6. ഗ്രാമസഭകളിൽ കൃത്യമായി പങ്കെടുക്കുകയും അഭിപ്രായങ്ങൾ രേഖപ്പടുത്തുകയും ചെയ്യുക .

**അനുബന്ധരേഖകൾ**

ശേഖരിച്ചതെളിവുകൾ

* ഫയൽ വെരിഫിക്കേഷനിലൂടെ കണ്ടെത്തിയ കാര്യങ്ങൾ
*മേറ്റ് ശ്രീജ,  എന്നവരുടെ സാന്നിധ്യത്തിൽ  ഗുണഭോക്താക്കളുടെ പ്രവൃത്തിസ്ഥലം അളന്നു  തിട്ടപ്പെടുത്തിയ വിവരങ്ങൾ.
*ഫീൽഡ് വേരിഫികേഷൻ സമയത്ത് തൊഴിലാളികളുമായി നടത്തിയ സംവാദങ്ങളിൽ നിന്നുള്ള വിവരങ്ങൾ ,
*പ്രവൃത്തി നടന്നുവെന്നു സ്ഥലമുടമകളിൽ നിന്നും പരിശോധന സമയത്ത് ചോദിച്ചറിഞ്ഞ വിവരങ്ങൾ.